
# കചടതപ.....

ഉണങ്ങാത്ത മഷിയോർമ്മകൾ...............

## LITTLE KITE'S MAGAZINE - 2024
## GOVT. HIGH SCHOOL IRULATH

ക ഖ ഗ ഘ ങ



ക ഖ ഗ

അ അമ്മ




ക ഖ ഗ ഘ ങ

ക ഖ ഗ ഘ ങ



ക ഖ ഗ ഘ ങ

ക ഖ ഗ ഘ ങ

Student Editor :Sulthana Parveen
Lay Out : Akza Vinod

## Editorial Board

Avani P P
Sandra Nishad
Nived N M
Muhammed Nihal
Vaiga Biju

# ഉള്ളടക്കം

ആരാധ്യ
ചിത്രം
തത്തകുഞ്ഞ്
ചിത്രം
ചക്കര പൂവ്
ചിത്രം
കൊക്കും ചെന്നായയും
ചിത്രം
എന്റെ കേരളം
ചിത്രം
ഏഴഴകുള്ളൊരു സുന്ദരി
ചിത്രം
കുഞ്ഞു കഥ
സ്വപ്ന ചിറകിലേറി

# ആരാധ്യ

നിരഞ്ജന കെ എം 9B

പണ്ട് പണ്ട് പണ്ട് ......അതിമനോഹരമായ ഒരു ഗ്രാമം......ആ ഗ്രാമത്തിലെ രണ്ടു ഉറ്റ ചങ്ങാതിമാർ ആളാണ് പപ്പനും ഔസേപ്പും. ഇരുവരും ഒരു പാത്രത്തിൽ ഉണ്ട് ഒരു പായയിൽ ഉറങ്ങി ആൻഡ് ശരീരവും ഒരു മനസ്സുമായി കഴിഞ്ഞവർ. ഇരുവരുടെയും വിവാഹം കഴിഞ്ഞ അയൽപക്ക വീടുകളിൽ താമസിക്കുന്നു.അവരുടെ മനസ്സിന് ഇല്ലാതിരുന്ന മതിൽ ആ വീട്ടുകാർ തമ്മിലും ഉണ്ടായിരുന്നില്ല.... മത സൗഹാർദം എന്നതിന് അവർ രണ്ടു പേരും ഏറ്റവും വലിയ ഉദ്ദാഹരണം ആയിരുന്നു. പപ്പന് ഒരു മകൾ ഉണ്ടായിരുന്നു. ഔസേഫിനു രണ്ടു ആൺമക്കളും - ജോസഫ്ഉം ജോയലും .ഇരുവരുടെയും ഭാര്യമാർ തമ്മിലും വലിയ സ്നേഹബന്ധത്തിൽ തന്നെ ആയിരുന്നു. ആഘോഷങ്ങൾ അവരുടെ വീട്ടിൽ ഒരു ഉത്സവമായി അരങ്ങേറി. അങ്ങനെയിരിക്കുന്ന സമയത്താണ് പപ്പന് ഒരു പെൺകുഞ്ഞു ജനിക്കുന്നത്. അവളെ ആരാധ്യ എന്ന് പേരിട്ടു. അവൾ ആ വീട്ടിൽ സന്തോഷത്തോടെ വളർന്നു. അവളുടെ ആഗ്രഹം പഠിച്ചു ഒരു ഡോക്ടർ ആകണമെന്ന് ആയിരുന്നു. അതിനായി അവൾ കുഞ്ഞുനാൾ മുതൽ അധ്വാനിച്ചു..... വർഷങ്ങൾക്കിപ്പുറം അവരുടെ കുടുംബത്തിലെ ചില പ്രശ്നങ്ങൾ കാരണം അവർ ഒരു ജ്യോത്സനെ സമീപിച്ചു. ആ ജ്യോത്സൻ പ്രവചിച്ചത് എല്ലാവര്ക്കും വേദനാജനകം ആയിരുന്നു. ആരാധ്യ ഒരു ശകുനപ്പിഴയാണെന്ന് ആയിരുന്നു ജ്യോൽസ്യ പ്രവചനം ..... ആ വാർത്ത ഒരു കാട്ടുതീ പോലെ നാടൊട്ടുക്ക് പടർന്നു. എല്ലാവരും അവളെ കണ്വെട്ടത്തു നിന്നും ആട്ടിയോടിച്ചു. അതെല്ലാം അവൾക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. അവളുടെ ആ വേദന അവളുടെ പഠനത്തിലും പ്രതിഫലിച്ചു. പത്താം ക്ലാസ് പരീക്ഷ അടുത്ത് വരുന്ന സമയത്ത് അവളുടെ കാര്യവും ആലോചിച്ചു ഇരു കുടുംബങ്ങളിലും സംഘർഷം അല തല്ലി

ആ കൊല്ലത്തെ പരീക്ഷ അവൾ നന്നായി എഴുതി. മികച്ച റിസൾട്ട് തന്നെ അവൾക്ക് ലഭിച്ചു ഒപ്പം അവൻറെ ആഗ്രഹത്തിന് ഒത്ത ഒരു പുതിയ സംരംഭത്തിന് തുടക്കം കുറിച്ചു അതും ആരാധ്യയുടെ പേര് അവളെ തന്നെ ഉദ്ഘാടകനായി വച്ചുകൊണ്ട്. അവർ പ്രവചിച്ചു. ജോസെഫിന്റെ ഈ സംരംഭം പൊളിഞ്ഞതു തന്നെ . ഇതെല്ലം കേട്ട് ജോസഫിന് വാശിയായി . തുടങ്ങി കുറച്ചു കൊല്ലം കഴിഞ്ഞപ്പോളേക്കും അവന്റെ സംരംഭം ഉയർച്ചയിലെത്തി. അതിനിടയിൽ ഇരുവരുടെയും കല്യാണം കഴിഞ്ഞു. അവളുടെ ആഗ്രഹം പോലെ അവൾ ഡോക്ടർ ആണ് .- സ്വന്തം ഹോസ്പിറ്റലിൽ. .



തത്തകുഞ്ഞ്  സൂര്യദേവ് കെ ജി 4C

കൂട്ടിലിരിക്കും തത്തമ്മേ
പാട്ടുകൾ പാടാമോ
തത്തിതത്തി നടന്നിട്ട്
കഥകൾചൊല്ലാമോ?
കൂട്ടിനുള്ളിൽ സുഖമാണോ?
പുറത്തേക്കിറങ്ങാൻ കൊതിയാണോ?
തത്തക്കൂട് തുറന്നല്ലോ
തത്ത കുഞ്ഞു പറന്ന ല്ലോ പാറി പാറി പറന്നല്ലോ ചുണ്ടിൽ പുഞ്ചിരി വിടർന്നല്ലോ.



ചക്കര പൂവ്                                                    ശ്രീഹരി രാഗേഷ്... 1 B

പൂവേ പൂവേ ചക്കര പൂവേ.
പൂവേ പൂവേ തേനുള്ള പൂവേ...
പൂവേ പൂവേ പൂമ്പൊടി തരുമോ..?
പൂവേ പൂവേ ചക്കര പൂവേ...
പൂവേ പൂവേ റോസാ പൂവേ....



## കഥയുടെ പേര് കൊക്കും ചെന്നായയും - Rishik vs Ib

കൊക്കും ചെന്നായയും നല്ല ക്രൂട്ടുകാരായിരുന്നു. കൊക്ക് ഒരു ദിവസം ചെന്നായയുടെ വീട്ടിൽ പോയി. ചെന്നായ പാത്രത്തിൽ കൊക്കിന് വെള്ളം കൊടുത്തു. കൊക്കിന് നീണ്ട കൊക്ക് ആയതുകൊണ്ട് വെള്ളം കുടിക്കാൻ പറ്റില്ല. ചെന്നൈയ്ക്ക് കൊക്ക് വീട്ടിൽ വന്നത് ഇഷ്ടമായില്ല, അതുകൊണ്ട് ചെന്നായ പാത്രത്തിൽ വെള്ളം കൊടുത്തു, കൊക്കിന് വെള്ളം കുടിക്കാൻ പറ്റില്ല എന്ന് അറിഞ്ഞു കൊണ്ടാണ് ചെന്നായ പാത്രത്തിൽ വെള്ളം കൊടുത്തത്. ദിവസം കഴിഞ്ഞപ്പോൾ കൊക്കിന്റെ വീട്ടിലേക്ക് ചെന്നായ പോയി. കൊക്ക് ചെന്നായ്ക്ക് പാത്രത്തിൽ വെള്ളം കൊടുത്തു, ചെന്നായ കൊക്കിനോട് ചോദിച്ചു, നീയെന്താ എനിക്ക് പ്രയാസം ഉള്ളത് തരാത്തെ? ഞാൻ നിനക്ക് കുടിക്കാൻ പ്രയാസം ഉള്ളത് തന്നില്ലേ?

നീ എന്റെ വീട്ടിൽ വന്ന് ഒരു അതിഥി ആയതുകൊണ്ട് .

ഗുണപാഠം : വീട്ടിൽ വന്ന അതിഥിയെ നമ്മൾ വിഷമത്തോടെ അയക്കരുത്.



എന്റെ കേരളം

കേര വൃക്ഷങ്ങൾ നിറഞ്ഞ നാട്.
കളരിപ്പയറ്റ് പിറന്ന നാട്.
പൂക്കൾ നിറഞ്ഞ നാട്
തോടും മലകളും നിറഞ്ഞ നാട്.
ഗാനങ്ങൾ നിറഞ്ഞ നാട്
മലയാള ഭാഷ പിറന്ന നാട്
മാവേലി തമ്പുരാൻ വാന്ന നാട് .
മലയാള ഭാഷ തൻ പുണ്യനാട്
മലയാള ഭാഷ പിറന്ന നാട്
മാവേലി തമ്പുരാൻ വാണ നാട് .
മലയാള ഭാഷതൻ പുണ്യനാട്

ദേവനന്ദ എം
4C



# ഏഴഴകുള്ള സുന്ദരി

ഏഴഴകുള്ളൊരു
സുന്ദരി നീ
മഴയുടെ കൂട്ടിനു വന്നവൾ നീ
മലരുകൾ പോലെ സുന്ദരിയായി
പുഞ്ചിരി തൂകി വരുന്നത് നീ

രണ്ടുനിമിഷങ്ങൾക്കുള്ളിൽ എവിടെ പോകുന്നു നീമഴയുടെ കൂട്ടിന് പോകുന്നോ നീ
വെയിലിനു കൂട്ടിനു പോകുന്നോ നീ ?

ആകാശത്തെ സുന്ദരി നീ
എല്ലാവരുടെയും പ്രിയയും നീ
ചന്ദ്രനെയും താരങ്ങളെയും
ഭംഗിയായി തോൽപ്പിച്ചവൾ നീ

ഏഴഴകുള്ളൊരു സുന്ദരി നീ, മഴയുടെ കൂട്ടിന് വന്നവൾ നീ, മലരുകൾ പോലെ സുന്ദരിയായി
പുഞ്ചിരി തൂകി വരുന്നതും നീ

ചന്ദനസുനിൽ









# രാജാവും മണ്ടനായ സേവകനും കുഞ്ഞു കഥ

ഒരുടത്ത് ഒരു മണ്ടനയ സേവകൻ ഉണ്ടായിരുന്നു ഒരു രാജാവും ഉണ്ടായിരുന്നു
ഒരു ദിവസം രാജാവ് പറഞ്ഞു, പോയി വിറക് എടുത്തുകൊണ്ടുവരാൻ.
സേവകൻ വിറക് പതുക്കെ താഴെ വച്ചു അപ്പോൾ രാജാവ് പറഞ്ഞു അത് എന്തിനാ പതുക്കെ താഴെ വച്ചത് എറ്റ ഇടൽ പോരാന്നോ പിറ്റേ ദിവസം പറഞ്ഞു കലം കൊണ്ടുവരാൻ സേവകൻ കലം കൊണ്ടുവന്ന് ഒറ്റ ഇടൽ ഇട്ടു കലം എല്ലാം പൊട്ടി. രാജാവ് പറഞ്ഞു ,കലം ഉന്തുവണ്ടിയല്ലെ കൊണ്ടു വരണ്ടത്. പിറ്റേ ദിവസം പറഞ്ഞു പോയി തിപ്പട്ടി വങ്ങിച്ചു കൊണ്ടുവരാൻ പറഞ്ഞു. സെവകൻ ഉന്തുവണ്ടിയിൽ തീപ്പട്ടി കൊണ്ടുവന്നു. രാജാവ് പറഞ്ഞു തീപ്പട്ടി പോക്കറ്റിൽ ഇട്ടുകൊണ്ടല്ല വരെ ണ്ടേ. പിറ്റേ ദിവസം പറഞ്ഞു എണ്ണ വാങ്ങിച്ചു കൊണ്ടുവരാൻ പറഞ്ഞു എണ്ണ പോക്കറ്റിൽ എഴിച്ചു കൊണ്ട് വന്നു എത്തിയപ്പോൾ പോക്കറ്റിൽ എണ്ണ ഇല്ലയിരുന്നു. രാജാവ് പറഞ്ഞു കുപ്പ യിൽ അല്ലേ കൊണ്ടു വരണ്ടത്. പിറ്റേ ദിവസം പറഞ്ഞു ഒരു പട്ടിയിനെ വാങ്ങിക്കാൻ പറഞ്ഞു സെവൻ പട്ടിയിനെ കുപ്പിയിൽ കുത്തിക്കയറ്റി എത്തി. രാജാവ് ആ പട്ടിയെ എങ്ങനയോ പുറത്തിറക്കി. രാജാവ് പട്ടിനെ ചങ്ങല്ലെ കുണ്ടവരണ്ടത്. അവസാനം പറഞ്ഞു കുട്ടികളെ കുട്ടി സ്ക്രൂളിൽ നിന്ന് വരാൻ പറഞ്ഞു കുട്ടികളെ ചങ്ങലയിൽ ഇട്ട് കുട്ടി കൊണ്ടുവരുന്നത് ഒരു പോലിസ് കണ്ടു. സേവകനെ പോലീസ് ജയിലിൽ ഇട്ടു രാജാവിന് തന്റെ കുട്ടികളെ പോലീസ് തിരിച്ചു കൊടുത്തു

## സ്വപ്നച്ചിറകിലേറി

അക്സ വിനോദ്

'എന്ത് എഴുതണമെന്ന് അറിയില്ല. ചിന്തകളെല്ലാം മനസ്സിൽ ജീവനറ്റ് കിടക്കുന്നു. അവ കണ്ണീരിലൂടെ ഭൂമി മാതാവിനെ വന്ദിക്കുകയാണ്. ' ഇത്രയും മാത്രം എഴുതിക്കൊണ്ട് അവൻ തന്നെ ഡയറി മടക്കി വെച്ചു.

തണുത്തുറഞ്ഞ തറയിൽ അവൻ പായ വിരിച്ച് കിടന്നു.ആ തണുപ്പ് മെല്ലെ അവൻറെ ദേഹത്തേക്കായി വ്യാപിച്ചു.അതവൻ്റെ മനസ്സിനെ മരവിപ്പിച്ചു.രാത്രിയുടെ ഏതോയാമങ്ങളിൽ അവൻ സ്വപ്നലോകത്തേക്കുള്ള സഞ്ചാര പാതയിൽ വന്നെത്തി. 'അമ്മാ ' അവൻ ഉറക്കെ വിളിച്ചു .അതൊരു ആക്രോശം അല്ല; നിലവിളിയും അല്ല. മറിച്ച് മൺമറഞ്ഞുപോയ തൻറെ അമ്മയെ നേരിട്ട് കണ്ടതിലുള്ള അവൻറെ ആനന്ദം... .

തെച്ചിപ്പൂക്കൾ പിച്ചിയെടുത്തും പച്ചത്തുള്ളനെ വാരിപ്പുണർന്നും അവൻ മുറ്റത്തുകൂടെ പായുകയാണ്. പെട്ടെന്നാണ് അവൻറെ കാതുകളിൽ ഗേറ്റ് തുറക്കുന്ന ആ ശബ്ദം വന്നു പതിച്ചത്.ക്ലാവു പിടിച്ച ആ ഗേറ്റിന്റെ ശബ്ദം ഏവരുടെയും മനസ്സിൽ അലോസരം ജനിപ്പിക്കുന്നവയാണ്. എന്നാൽ അവന്... വാഹന നിരീക്ഷണത്തിന്റെ വാതായനങ്ങളാണ് അത് തുറന്നു നൽകുന്നത്.വാഹന നിഗൂഢതകളുടെ ചുരുളുകൾ അഴിക്കാനുള്ള ജിജ്ഞാസ ആ കൊച്ചു മനസ്സിലും മൊട്ടിട്ട് തുടങ്ങിയിട്ടുണ്ട്. നിരത്തിലൂടെ ചീറിപ്പായുന്ന വാഹനങ്ങൾ അവൻ എന്നും ഒരു കൗതുകം തന്നെ.. രാവിലെ ഉറക്കം ഉണർന്നാൽ ഉടൻ അവൻ അന്വേഷിക്കുന്നത് തൻ്റെ അച്ഛനെയാണ് .അന്നേദിവസവും ഉറക്കമുണർന്നപ്പോൾ അവൻ ആദ്യം കേട്ടത് മുറ്റത്തു നിന്നുള്ള അച്ഛൻറെ ശബ്ദമായിരുന്നു.പരുപരുത്ത ശബ്ദം; എങ്കിലും വാത്സല്യത്തിന്റെ ഉറവ വറ്റിയിട്ടില്ല ആ വാക്കുകളിൽ. അത് കേവലം അവൻറെ ഉൾവിളി മാത്രമായിരുന്നു. ഗേറ്റ് തുറന്ന അവൻ മുറ്റത്തേക്ക് ഓടി.. ചീറിപ്പായുന്ന വാഹനങ്ങൾക്കിടയിലൂടെ ഛിന്നം ഭിന്നം പാഞ്ഞു. പിറകെ അമ്മയും .. 'മോനേ'എന്നൊരു വിളി മാത്രം.. എല്ലാത്തിനും സാക്ഷിയായി മുത്തശ്ശിയും ഗേറ്റിനപ്പുറം നിൽക്കുന്നുണ്ടായിരുന്നു; ഉപ്പുതൂൺ എന്നതുപോലെ. ഉരുകുകയായിരുന്നു ഇരുവരുടെയും മനസ്സ്.അവൻ സ്തബ്ധനായി നിന്നു. അമ്മ അവനെ തൻ്റെ കൈകളിൽ കോരിയെടുത്തു. അവൻറെ കൈയും കാലും തണുത്തിട്ടുണ്ടായിരുന്നു. ഇപ്പോഴും ആ തണുപ്പ് അവനിൽ നിന്ന് വിട്ടു മാറിയിട്ടില്ല.ഉറക്കത്തിൽ എന്നാകിലും അവൻ്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ പൊഴിഞ്ഞു .

പൊടുന്നനെ അവൻ പായയിൽ നിന്ന് ഉണർന്നു. സമയം 12 മണി കഴിഞ്ഞ് 5 മിനിറ്റും കൂടെ കഴിഞ്ഞിരിക്കുന്നു. അവൻ പിന്നെയും ഡയറി തുറന്നു എന്തൊക്കെയോ കുത്തിക്കുറിക്കുവാൻ ആരംഭിച്ചു.എന്തിനാണ് അവൻ ഡയറി എഴുതുവാനായി ഇത്രയധികം വെമ്പുന്നത്! ഊമയായി തീർന്ന അവൻ്റെ, വികാരങ്ങളെ ചോർത്തിയെടുക്കുവാൻ കരിമ്പുഴ പോലെ ഇഴയുന്ന ഈ അക്ഷരങ്ങൾക്ക് അല്ലാതെ മറ്റ് എന്തിനു കഴിയും? ഇരുളടഞ്ഞ അവന്റെ ജീവിതത്തിലേക്ക് വെളിച്ചം വീശിയത് സാഹിത്യത്തിൻ്റെ നറുദീപമാണ്.സംഭാഷണങ്ങളുടെ ലോകം അവന് തികച്ചും അന്യമാണെന്നാലും സാഹിത്യത്തിൻറെ ലോകം അവനു കണ്ണെത്താ ദൂരത്തല്ല ..അവൻ തന്നെ ഡയറി മടക്കിവെച്ചു.

പുഴകൾ നിറഞ്ഞൊഴുകി കാറ്റത്ത് വന്നു വീണ കരിയിലകൾ അവയോടൊപ്പം . .

വേദിയിൽ ഉച്ചത്തിലുള്ള അനൗൺസ്മെൻറ് നടന്നുകൊണ്ടിരിക്കുകയാണ്. 'ഇന്നത്തെ ചടങ്ങിൽ വിശിഷ്ട വ്യക്തിയായി നമ്മോടൊപ്പം ചേർന്നിരിക്കുന്നത് പ്രശസ്ത കഥാകൃത്ത് ശ്രീ അരവിന്ദാണ്. '

അദ്ദേഹത്തെ വേദിയിലേക്ക് ക്ഷണിച്ചുകൊള്ളുന്നു. ഇത് അവൻറെ കലാ ജീവിതത്തിലേക്കുള്ള ഒരു ചുവടുവെപ്പ് മാത്രം .ഇനിയും എത്രയോ എത്രയോ നേട്ടങ്ങൾ അവനെ കാത്തിരിക്കുന്നു..അവന്റെ ഹൃദയാഭിലാഷവും ഇതുതന്നെയായിരുന്നില്ലേ.

വീട്ടിലെത്തിയ ഉടൻ അവൻ തന്റെ പഴയ പുസ്തകങ്ങൾ സൂക്ഷിച്ചിരുന്ന പെട്ടി തുറന്നു.. അതാ.. ചിതലരിച്ച ഒരു ഡയറി .. അതിൽ നിന്നുമായി ഒരു പേജ് അവൻ അടർത്തിയെടുത്തു. എന്താണതിൽ എഴുതിയിരിക്കുന്നത്?

'ചിരിപ്പതല്ലൻ ഹൃദയം ഒഴുകുകയാണ് കണ്ണീർ തളം'അതിനു താഴെയായി അവൻ കൂട്ടിച്ചേർത്തു 'തളരാതെ മുന്നോട്ട് - സ്വപ്നച്ചിറകിലേറി..'

-